**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **26-07-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അഴിക്കോട് കേന്ദ്രമാക്കി അഴിക്കോട് കൈത്തറി ഗ്രാമം മ്യൂസിയം പദ്ധതിയ്ക്കായി 4.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഘടകമായ കൈത്തറി മ്യൂസിയം സ്ഥാപിക്കാൻ 80 ലക്ഷം രൂപ ഉൾപ്പെടെയാണ് ഭരണാനുമതി നൽകിയത്. എന്നാൽ മ്യൂസിയം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം സൗജന്യമായി കണ്ടെത്താൻ കഴിയാത്തതിനാലും പദ്ധതി തുക ഉപയോഗിച്ച് ഭൂമി വിലകൊടുത്ത് വാങ്ങാൻ കഴിയാത്തതിനാലും മ്യൂസിയത്തിനായി അനുവദിച്ച 80 ലക്ഷം രൂപ നീക്കിവച്ചുകൊണ്ട് മറ്റ് ഘടകങ്ങൾ പൂർത്തീകരിക്കുകയാണുണ്ടായത്. നിലവിലുള്ള കെട്ടിടങ്ങളുടെ നവീകിരണം, വീവിംങ് ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ ഇതോടനുബന്ധിച്ചുള്ള ക്ഷേത്രക്കുളം നവീകരണം, നടപ്പാത, ഇരിപ്പിടങ്ങൾ , കോമ്പൗണ്ട് വാൾ , പ്രവേശന കവാടം, മാലിന്യ നിർമ്മാർജ്ജന സൗകര്യം, ലാൻറ് സ്കേപ്പിംങ് സോളാർ ലൈറ്റ് തുടങ്ങിയ ഘടകങ്ങൾ പൂർത്തീകരിച്ചു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് പ്രസ്തുത പദ്ധതിയുടെ എക്സിക്യൂട്ടിംങ് ഏജൻസി. 3,10,13,608/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | മ്യൂസിയം സ്ഥാപിക്കൽ ഒഴികെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് മാത്രമേ മ്യൂസിയം സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ